ഡി. സി. ബുക്ക്സ് കോട്ടയം
ആയിരത്തിത്തൊള്ളായിരത്തി
എൺപത്തിഒന്നിൽ പ്രസിദ്ധപ്പെടുത്തിയ
150 പേജും ഒൻപതു രൂപ വിലയുമുള്ള ഗ്രന്ഥം.
ഗ്രന്ഥകാരൻ: ഡോ. കെ. ഭാസ്കരൻനായർ.

പുസ്തകസമീക്ഷ

ഡോ. ആർ. രാമകുമാർ

# ഭാവിയുടെ ഭീഷണി

ജനങ്ങളുടെ, വിശേഷിച്ചും, യുവതലമുറയുടെ മനസ്സിൽ ജനപ്പെരുപ്പത്തിന്റെ ആപത്തിനെക്കുറിച്ചും അതിനെ നിവാരണം ചെയ്യേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും വ്യാപകമായ ബോധം ജനിപ്പിക്കുവാൻ വേണ്ടി, 1975-നും 1980-നും ഇടയ്ക്ക് എഴുതിയിട്ടുള്ള പതിനെട്ട് ഉപന്യാസങ്ങളടങ്ങിയ ഒരു പുസ്തകമാണ്, ''ഭാവിയുടെ ഭീഷണി''. ജനപ്പെരുപ്പം കൊണ്ട് ഭുവനജീവിതം ആകെ താറുമാറാകുമെന്നല്ല, പരിഷ്കാരം തന്നെ നാമാവശേഷമായിപ്പോകുമെന്ന ഭീഷണി മുഴക്കിക്കൊണ്ടാണ് പുസ്തകം ആരംഭിക്കുന്നത്. ഈ ഭീതി പുസ്തകത്തിലുടനീളം കാണുമെന്ന് ഗ്രന്ഥകർത്താവ് ആദ്യമേ പറയുന്നുമുണ്ട്.

ഭാവിയുടെ ഭീഷണിയായി ഗ്രന്ഥകർത്താവ് കാണുന്നത് മുഖ്യമായി ജനസംഖ്യാവർധന അല്ലെങ്കിൽ അതുകൊണ്ടുണ്ടായേക്കാവുന്ന ആഹാരദൗർലഭ്യം, പാർപ്പിടപ്രശ്നം മുതലായ അനന്തരഫലങ്ങളെയാണ്. വിദ്യാസമത്വം, സ്ത്രീകളുടെ കഷ്ടപ്പാടുകൾ, അഖിലലോക ജനസംഖ്യാ സമ്മേളനത്തിൽ ഇന്ത്യ വഹിച്ച പങ്ക്, മനുഷ്യജീവിതത്തിന്റെ ലക്ഷ്യം ശാസ്ത്രീയവീക്ഷണത്തിൽ എന്നിങ്ങനെ വിശാലവും, അഗാധവുമായ വിവിധ വിഷയങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്. ഭാവി ഇരുളടഞ്ഞതാണെന്ന് സമർഥിക്കുകയും ചെയ്യുന്നു. ഇന്ന് പൊതുജീവിതത്തിൽ കണ്ടുവരുന്ന അഴിമതികളെയും, പഴമയോടുള്ള അവഹേളനത്തെയും പല അവസരങ്ങളിലും ആവേശപൂർവം കുറ്റപ്പെടുത്തിയിട്ടുമുണ്ട്.

ജനസംഖ്യ ക്രമാതീതമായി വർധിക്കുന്നതുകൊണ്ട് പല ക്ലേശങ്ങളും അനുഭവിക്കേണ്ടിവരുമെന്നതു ശരിതന്നെ. പക്ഷേ, അതിനെ ഒരു മഹാവിപത്തായി കാണുകയും മനുഷ്യനിൽ തന്നെ വിശ്വാസമില്ലാത്ത ഒരു പ്രതീതി ഉണർത്തുകയും ചെയ്യുവാനാണ് ഗ്രന്ഥകാരൻ ശ്രമിച്ചിരിക്കു

പ്രൊഫസർ, ജനസംഖ്യാശാസ്ത്രവകുപ്പ്, കേരളാ യൂണിവേഴ്സിറ്റി സെന്റർ, കാര്യവട്ടം, തിരുവനന്തപുരം.

Digitized by Kerala Sahitya Akademi

ന്നതു്. ശുഭാപ്തിവിശ്വാസമില്ലായ്മ ഉപന്യാസങ്ങളുടെ മുഖമുദ്രയാണു്. അതു് ശാസ്ത്രീയമാണെന്നു് തോന്നുന്നില്ല. എന്തെന്നാൽ, ജനസംഖ്യയുടെ വലിപ്പം കണ്ടുകൊണ്ടു മാത്രം നിഗമനങ്ങളിൽ എത്തിച്ചേരുന്നതു ശരിയല്ല. ജനസംഖ്യയുടെ ഘടന, വിതരണം, രാജ്യത്തിന്റെ സാമ്പത്തികനിലവാരം, പ്രകൃതിസമ്പത്തു്, ധനശേഖരങ്ങൾ തുടങ്ങി അനവധി ഘടകങ്ങൾ കൂടി ഈ പ്രശ്നത്തിന്റെ ചർച്ചയിൽ പരിഗണിക്കണം. ചൈനയും ഇന്ത്യയും കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും ജനസംഖ്യാബലമുള്ള രാജ്യങ്ങളാണു് സോവിയറ്റ് യൂണിയനും അമേരിക്കയും. ഈ രാജ്യങ്ങൾക്കു് ജനസംഖ്യ വലിയ ഭാരമായി തോന്നുന്നില്ലല്ലോ! അതേസമയം എത്രയോ ചെറിയ രാജ്യമായ ശ്രീലങ്കയ്ക്കു് പ്രകൃതിസമ്പത്തു് വേണ്ടുവോളമുണ്ടെങ്കിലും ജനബാഹുല്യം പ്രശ്നം തന്നെയാണു്. അതിനാൽ, ജനപ്പെരുപ്പത്തെ തുകയുടെ വലിപ്പം മാത്രം ആസ്പദമാക്കി വിശകലനം ചെയ്തിരിക്കുന്നതു് ഈ പുസ്തകത്തിന്റെ പോരായ്മയായിട്ടുവേണം കരുതുവാൻ. ഉദാഹരണമായി "കേരളത്തിന്റെ ഭാവി" എന്ന ലേഖനത്തിൽ, നമ്മുടെ ജനനനിരക്കിലിപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന അത്ഭുതപൂർവവും അതിശയോക്തിപരവുമായ കുറവു്, ഗ്രന്ഥകർത്താവു് അറിഞ്ഞിട്ടില്ലാത്തതുപോലെ തോന്നും. ജനനനിരക്കു് ഇന്നത്തെ രീതിയിൽ കുറഞ്ഞുകൊണ്ടിരുന്നാൽ, കേരളത്തിലെ ജീവിതം 21-ാം ശതകത്തിന്റെ ആരംഭത്തിൽ, ഗ്രന്ഥകർത്താവു് വിവരിച്ചിട്ടുള്ളതുപോലെ ആശങ്കാജനകമാകാൻ വലിയ സാധ്യതയില്ല. മാത്രമല്ല, കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത പുരോഗതി കൈവരിക്കാം എന്നും പ്രത്യാശിക്കാവുന്നതാണു്. ഇതിനു് കേരളത്തിലെ ജനസംഖ്യയുടെ ലിംഗ-വയസ്സു് ഘടന അനേകം തെളിവുകൾ തരുന്നുണ്ടു്.

'എലി മനുഷ്യനല്ല' എന്ന ലേഖനത്തിൽ വൈദ്യശാസ്ത്രത്തിലെ പരീക്ഷണങ്ങൾക്കു് ജന്തുക്കളെ ഉപയോഗിക്കാൻ പാടില്ലെന്നാണു് ശഠിച്ചിരിക്കുന്നതു്. അതിനുവേണ്ടി നിരത്തിയിട്ടുള്ള കാരണങ്ങൾ ഒരു ശാസ്ത്രവിദഗ്ധനിൽനിന്നും ആരും പ്രതീക്ഷിക്കുകയില്ല. ലേഖകന്റെ വാക്കുകൾ തന്നെ ഉദ്ധരിച്ചാൽ "ഹൃദ്രോഗ ഗവേഷണത്തിൻ വേണ്ടിത്തന്നെ കഴിഞ്ഞ പത്തു വർഷത്തിനിടയ്ക്കു് പതിനായിരം ജന്തുപരീക്ഷണങ്ങൾ നടത്തിയിട്ടുള്ളതായി കാണുന്നു. കിം ഫലം? ഇക്കാരണത്താലുള്ള മരണങ്ങളുടെ എണ്ണം തുടരെ വർധിക്കുകയാണു്." ഗവേഷണങ്ങൾ ചെയ്യാതിരിക്കണമെന്നോ അല്ലെങ്കിൽ ഒരു ഹൃദ്രോഗിയെത്തന്നെ ഗവേഷണത്തിനു വിധേയനാക്കണമെന്നോ ആരും വാദിക്കുമെന്നു തോന്നുന്നില്ല. "പേപ്പട്ടിവിഷത്തിനു് എതിരേയുള്ള കുത്തിവയ്പിന്റെ ദോഷഫലങ്ങൾ ആ രോഗം കൊണ്ടുണ്ടാകുന്ന ആപത്തിനേക്കാൾ എത്രയോ കൂടുതലാണെന്നാണു് അനുഭവം." പേപ്പട്ടിവിഷം മരണത്തിലാണു് സാധാരണ കലാശിക്കുക. അതിലും വലിയ ആപത്തു് എന്താണു്? ശാസ്ത്രഗവേഷണത്തിനു് എലിയെ ഉപയോഗിക്കുന്നതിനെപ്പറ്റി ചില സംശയങ്ങളും അതിനെത്തുടർന്നു് ചില വാദപ്രതിവാദങ്ങളും ഇടക്കാലത്തു് ഉണ്ടായിട്ടുണ്ടു്. പക്ഷേ, എലി വേണ്ട, മനുഷ്യനെത്തന്നെ എലിയാക്കിയാൽ മതി, എന്നു് ആരും പറയുമെന്നു് തോന്നുന്നില്ല.

പൊതുവേ പറയുകയാണെങ്കിൽ, ഓരോ ലേഖനത്തിലും ജനസംഖ്യ ക്രമാതീതമായി വളർന്നു പോകുമെന്ന സംഭ്രമം വർധിപ്പിക്കുവാൻ ഗ്രന്ഥ

---

പുസ്തകസമീക്ഷയ്ക്കു് അയച്ചുതന്ന പുസ്തകം നന്ദിപൂർവം സ്വീകരിച്ചു

---

## സാഹിത്യഗവേഷണം-പ്രബന്ധരചനയുടെ തത്ത്വങ്ങൾ

*ഗ്രന്ഥകർത്താ:*

ഡോ. ചാത്തനാത്തു് അച്യുതനുണ്ണി

*പ്രസാധകർ:*

വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

Digitized by Kerala Sahitya Akademi

കാരൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, ജനപ്പെരുപ്പം മനുഷ്യജീവിതത്തെ ഹാനികരമായി ബാധിക്കുമെന്ന സ്വന്തം അഭിപ്രായത്തെ, അപ്രകാരമേ സംഭവിക്കൂ എന്ന സിദ്ധാന്തമായി അദ്ദേഹം മാററിയിരിക്കുന്നു. നിഗമനങ്ങളിൽ അതിവേഗം എത്തിച്ചേരുന്ന ഗ്രന്ഥകാരൻ, അതിനാവശ്യമായ അടിസ്ഥാനവസ്തുതകൾ കണ്ടെത്താനോ സ്വന്തം ചിന്താഗതിയുടെ ശാസ്ത്രീയത പരിശോധിക്കുവാനോ കാര്യമായ ശ്രമമൊന്നും നടത്തിക്കാണുന്നില്ല. ഒരു ശാസ്ത്രജ്ഞനും, സാഹിത്യകാരനുമായ ഗ്രന്ഥകർത്താവ് പലപ്പോഴും ആവേശഭരിതനായിപ്പോകുന്നു. പല ശാസ്ത്രരീതികളെപ്പോലും അവിശ്വസിക്കുകയും ചെയ്യുന്നു.

ജനസംഖ്യാപ്പെരുപ്പം എങ്ങനെ മാരകമായ ഭീഷണിയായിത്തീരുമെന്നും അതിനാലുണ്ടാകാവുന്ന സാമ്പത്തിക സാമൂഹിക പരിവർത്തനങ്ങൾ മനുഷ്യജീവിതത്തെ എങ്ങനെ അസഹ്യമാക്കിത്തീർക്കുമെന്നും കാര്യകാരണസഹിതം, ശാസ്ത്രീയമായി വിവരിച്ചിരുന്നുവെങ്കിൽ ഈ ലേഖനങ്ങൾ കൂടുതൽ ഉപകാരപ്രദമാകുമായിരുന്നു. ഏകദേശം 185 വർഷങ്ങൾക്കുമുമ്പ് തോമസ് മാൽത്തൂസ്, ജനസംഖ്യ പെരുകി സാംസ്കാരികാധഃപ്പതനത്തിനും വംശനാശത്തിനും വഴി തെളിക്കുമെന്ന് പ്രസ്താവിച്ചു. അദ്ദേഹത്തിന്റെ പ്രവചനം പോലെ ജനസംഖ്യ അന്നത്തേതിനെക്കാൾ നാലിരട്ടിയായി (അതായത് അന്ന് 100 കോടിക്കു താഴെയായിരുന്ന ജനസംഖ്യ ഇന്ന് 400 കോടിയിലധികമാണ്). എങ്കിലും ഭൗതികമായി മനുഷ്യജീവിതം ഇന്ന് എത്രയോ മടങ്ങ് സൗകര്യപ്രദമായിത്തീർന്നിട്ടുണ്ട്. സാമ്പത്തികമായി ജീവിതമാനദണ്ഡം മുൻകാലങ്ങളെക്കാൾ മെച്ചമാണെന്നുള്ളതും സമ്മതിക്കാതിരിക്കുകയില്ല. ധാർമികമായി അധഃപ്പതിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന്, അന്നത്തെ അവസ്ഥ എന്തായിരുന്നുവെന്ന് വസ്തുനിഷ്ഠമായി അറിയാമെങ്കിൽ പോരേ താരതമ്യപഠനം, എന്നാണ് ഉത്തരം. മാൽത്തൂസ് വിശ്വസിച്ചതുപോലെ മനുഷ്യൻ നശിച്ചില്ല. ഇതിന്റെ ഗുണപാഠം മനുഷ്യന്റെ ബുദ്ധിയിൽ വിശ്വാസമുണ്ടായിരിക്കണമെന്നതുതന്നെ.

അതിനാൽ എല്ലാവിധ ക്ലേശങ്ങൾക്കും കാരണം ജനസംഖ്യാവർധനയാണെന്ന് വാദിക്കുന്നത് പൂർണമായും ശരിയല്ല. വികസ്വരരാജ്യങ്ങളിൽ സാമ്പത്തികപുരോഗതി മന്ദീഭവിച്ചുപോകുന്നത് ജനസംഖ്യ അതിശീഘ്രം കൂടുന്നതുകൊണ്ടു തന്നെ. ഈ വസ്തുത പൊതുജനങ്ങൾ മനസ്സിലാക്കേണ്ടതും അതിനു വിരാമമിടേണ്ടതും ആവശ്യമാണ്. അതിനുവേണ്ടി ഗ്രന്ഥകർത്താവ് ആത്മാർഥമായി പരിശ്രമിച്ചിരിക്കുന്നു. ആ ആത്മാർഥതയിൽ നിന്ന് ഉടലെടുത്ത ആവേശത്തെ മററുള്ളവരിൽ പകരുവാനും ഗ്രന്ഥകർത്താവ് അങ്ങേയററം പരിശ്രമിച്ചിട്ടുണ്ട്. ഇന്ത്യയുടെ എന്നല്ല, ലോകത്തിലെ തന്നെ ജനസംഖ്യ അത്യധികം വർധിക്കരുതെന്ന് ഗ്രന്ഥകർത്താവ് വ്യക്തിപരമായി വിശ്വസിക്കുകയും ആശിക്കുകയും ചെയ്യുന്നുണ്ടെന്ന് ഈ പുസ്തകം തെളിയിക്കുന്നു.

*പരിഷ്കരിച്ച*
*പുതിയ പതിപ്പ്*

**ആധുനിക ഭാഷാശാസ്ത്രം**

ഡോ. കെ. എം. പ്രഭാകരവാരിയർ
ശാന്താ അഗസ്റ്റിൻ

ഭാഷയുടെ എല്ലാ വശങ്ങളെയും ഭാഷാശാസ്ത്രത്തിന്റെ എല്ലാ മേഖലകളെയും സാമാന്യമായും സംക്ഷിപ്തമായും വിശദീകരിക്കുന്ന ഈ ഗ്രന്ഥം ഇത്തരത്തിലുള്ള ആദ്യത്തെ മലയാളപുസ്തകമാണ്. ഒന്നാം പതിപ്പിന്റെ രചനാകാലത്തിനു ശേഷം ഭാഷാശാസ്ത്രതത്ത്വങ്ങൾ മലയാളത്തിൽ ആവിഷ്കരിക്കുന്നതിൽ പുതിയ സാങ്കേതിക പദങ്ങൾ സ്വീകരിച്ചിട്ടുണ്ട്. 'ആധികാരികത അവകാശപ്പെടാവുന്ന അത്തരം പദങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് ഈ രണ്ടാം പതിപ്പ് ഇറക്കുന്നത്.

*വില : ഏഴു രൂപ*

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരണം

Digitized by Kerala Sahitya Akademi

# വക്കം മൗലവി

വക്കം മൗലവി (ജീവചരിത്രം) : ഗ്രന്ഥകർത്താ-ഹാജി എം. മുഹമ്മദുകണ്ണ്, പേജ്-124, വില ക. 8.00.

**ജവഹർകുറുപ്പ്**

കേരളത്തിന്റെയെന്നല്ല, ഭാരതത്തിന്റെതന്നെ ചരിത്രത്തിലെ നവോത്ഥാനകാലഘട്ടത്തിലെ നായകന്മാരിൽ അഗ്രഗണ്യനാണ് വക്കം മൗലവി. സ്വാതന്ത്ര്യസമരസേനാനി, സമുദായപരിഷ്കർത്താവ്, പത്രപ്രവർത്തകൻ, എഴുത്തുകാരൻ, ബഹുഭാഷാപണ്ഡിതൻ എന്നീ നിലകളിലെല്ലാം അദ്ദേഹം പ്രസിദ്ധിനേടി. അധികമാരും പത്രപ്രവർത്തനരംഗത്തേക്ക് കടന്നുവരാതിരുന്ന ഒരു കാലഘട്ടത്തിൽ, വിദേശത്തുനിന്ന് സ്വന്തമായി പ്രസ്സ് വരുത്തി 'സ്വദേശാഭിമാനി' എന്ന പേരിൽ അദ്ദേഹം പ്രസിദ്ധീകരിച്ച പത്രം എന്തെല്ലാം കോലാഹലങ്ങളാണുണ്ടാക്കിയത്! അഴിമതിഭരണക്കാർ ഭയത്തോടും ദേശാഭിമാനികളായ നാട്ടുകാർ പ്രത്യാശയോടും കൂടിയാണ് ആ പത്രത്തിന്റെ ഓരോ ലക്കത്തിനും വേണ്ടി കാത്തിരുന്നത്.

വക്കം മൗലവി പ്രസിദ്ധീകരിച്ച പത്രത്തിലൂടെ പ്രസിദ്ധിനേടിയ പത്രപ്രവർത്തകനായിരുന്നു സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. നാടുകടത്തലിനുശേഷം രാമകൃഷ്ണപിള്ള പ്രസിദ്ധനായി. അദ്ദേഹത്തെക്കുറിച്ച് നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. രാമകൃഷ്ണപിള്ളയുടെ ത്യാഗം ജനങ്ങളംഗീകരിച്ചു. അനുസ്മരണയോഗങ്ങൾ നടത്തപ്പെട്ടു. അദ്ദേഹം അമരനായി. അങ്ങനെ സമൂഹം കുറെയൊക്കെ കടപ്പാട് വീട്ടുകതന്നെ ചെയ്തു.

രാമകൃഷ്ണപിള്ളയെ "സ്വദേശാഭിമാനി" ആക്കിത്തീർത്ത വക്കം മൗലവിയുടെ കഥയോ? പുതിയ തലമുറയിൽ എത്രപേർക്ക് അദ്ദേഹത്തെക്കുറിച്ചറിയാം? അറിഞ്ഞോ അറിയാതെയോ ആ മഹാപുരുഷനെ സമൂഹം വിസ്മരിക്കുകയാണു ചെയ്തത്. ഭരണതലത്തിലും സമൂഹത്തിലും സ്വന്തം സമുദായത്തിലും നടമാടിയിരുന്ന അനീതികൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ യുദ്ധം ചെയ്യാൻ സർവസ്വവും ത്യജിച്ച ത്യാഗപുരുഷനായിരുന്നു, മൗലവി. സമൂഹം അദ്ദേഹത്തോടു കാട്ടിയ കൃതഘ്നതയ്ക്കു ചെറിയൊരു പരിഹാരമാണ് ഹാജി എം. മുഹമ്മദുകണ്ണ് രചിച്ച "വക്കം മൗലവി" എന്നു പറയാം. വക്കം മൗലവിയെ ഒരു നിഴൽപോലെ പിന്തുടരുകയും അദ്ദേഹത്തിന്റെ പുരോഗമന പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ചെയ്ത ഗ്രന്ഥകാരൻ തന്റെ കൃത്യം ഭംഗിയായി നിർവഹിച്ചിരിക്കുന്നു. വക്കം മൗലവിയുടെ മഹത്തായ ജീവിതത്തിന് ഒരു ആമുഖം മാത്രമാണ് ഈ ഗ്രന്ഥം. സരളമായ ശൈലിയിൽ ആ മഹച്ചരിതം അനാവൃതമാകുമ്പോൾ ഒരു കാലഘട്ടത്തെക്കുറിച്ചുള്ള പുതിയ അറിവുകൾ നമുക്കു ലഭിക്കുന്നു. നല്ലൊരു നോവൽപോലെ ആകർഷകമാണ് ഈ ഗ്രന്ഥം. അത്രയ്ക്കു ഹൃദ്യമാണ് അവതരണരീതി. വക്കം മൗലവിയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളും സംഭാവനകളും എന്തെന്നു മനസ്സിലാക്കുവാൻ ഈ ഗ്രന്ഥം ഉപകരിക്കും. മൗലവിയെക്കുറിച്ചുള്ള ആദ്യത്തെ ജീവചരിത്ര ഗ്രന്ഥമെന്ന ബഹുമതിയും ഈ കൃതിക്കുണ്ട്. അക്ഷരത്തെറ്റുകൾ കുറവല്ല. അവ അടുത്ത പതിപ്പിൽ പരിഹരിക്കാവുന്നതേയുള്ളൂ.

സമുദായ പരിഷ്കരണരംഗത്തും പത്രപ്രവർത്തനരംഗത്തും മറ്റും മൗലവി ചെയ്തിട്ടുള്ള പരിശ്രമങ്ങളെക്കുറിച്ച് ആധികാരിക പഠനങ്ങൾ ഉണ്ടാവുകയാണ് ഇനി ആവശ്യം. ഗ്രന്ഥകാരൻ ആ വഴിക്കു ശ്രമം തുടരുമെന്നു പ്രതീക്ഷിക്കാം. □

---

സൂപ്രണ്ട്, എൻ. എസ്. എസ്. കോളേജ്, വാഴൂർ, കോട്ടയം.

Digitized by Kerala Sahitya Akademi